## മേഖലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം

## നഗരാസൂത്രകയുടെ നടപടിക്രമം

വിഷയം തിരുവനന്തപുരം നഗരസഭ- വിദ്യാഭ്യാസ വിനിയോഗത്തിൽ പെട്ട കെട്ടിടം - ലേഔട്ട് അംഗീകാരം നല്കി ഉത്തരവാകുന്നു

പരാമർശം 1 . തിരുവനന്തപുരം നഗരസഭാ സെക്രട്ടറി യുടെ 21.12.2018, 17.09.2019 എന്നീ തീയതികളിലെ UE2/3655/18 നമ്പർ കത്തുകൾ

2 . സർക്കാരിന്റെ 29.02.2020 ലെ LSGD-RA2/218/2019-LSGD നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPTVM/814/2019-D 22/05/2020**

തിരുവനന്തപുരം നഗരസഭയിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ 237/2 ൽ പ്പെട്ട 845.80 ആർ വസ്തുവിൽ നിർദ്ദിഷ്ട കെട്ടിടം ഉൾപ്പെടെ ആകെ 28175.71 ച.മീ പ്ലിന്ത് ഏരിയ ഉള്ള ലയോള കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ , പ്ലോട്ടിലേക്കുള്ള പ്രവേശന മാർഗമായ ശ്രീകാര്യം - ചെറുവയ്ക്കൽ റോഡിനുണ്ടായിരിക്കേണ്ട സ്പഷ്ടമായ ഏറ്റവും ചുരുങ്ങിയ വീതിയായ 10 m, ശ്രീകാര്യം ജംഗ്ഷന് സമീപം ഏകദേശം 150 m നീളത്തിൽ ലഭ്യമല്ലെന്നു കാണുകയുണ്ടായി . എന്നാൽ, പരാമർശം (2) നമ്പർ കത്ത് (ഉള്ളടക്കം ചെയ്യുന്നു) പ്രകാരം, PWD യുടെ അധീനതയിലുള്ള ശ്രീകാര്യം - ചെറുവയ്ക്കൽ റോഡ് വീതി 12 മീറ്ററായി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടെന്നും ആയതിനു സ്ഥലമേറ്റെടുപ്പിനുള്ള നടപടി സ്വീകരിച്ച് വരുന്നുവെന്നും സർക്കാരിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ലേ-ഔട്ട് അംഗീകാരം നല്കി ഉത്തരവാകുന്നു.

1. നിർദ്ദിഷ്ട നിർമ്മാണം കെ.എം.ബി.ആർ 1999 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിൻറ്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയെന്ന് ഉറപ്പുവരുത്തണം.
3. നിർമ്മാണം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട്

എന്നിവയ്ക്ക് വിധേയമായിരിക്കണം.

4. ലേ-ഔട്ടിലെ മറ്റ് കെട്ടിടങ്ങൾ അംഗീകൃതങ്ങളാണെന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണ്.
5. ചട്ട പ്രകാരമുള്ള പാർക്കിംഗ് നൽകേണ്ടതും പാർക്കിംഗിനായുള്ള സ്ഥലം ഉപയോഗമാറ്റം നടത്താൻ പാടില്ലാത്തതുമാകുന്നു.
6. നിർദ്ദിഷ്ട നിർമ്മാണത്തിന് Fire NOC ലഭ്യമാക്കേണ്ടതാണ്.
7. കെ.എം.ബി.ആർ 99 ചട്ടം 54(7), 54(8) പ്രകാരമുള്ള ഉറവിട ദ്രവ മാലിന്യ സംസ്കരണ സംവിധാനം, മലിനജല പുനരുപയോഗ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. ചട്ടപ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
9. ചട്ടപ്രകാരമുള്ള സാനിട്ടേഷൻ സൗകര്യങ്ങൾ നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല . നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപന ത്തിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.

ലേഔട്ട് അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ **12/2020** (ഒരു സെറ്റ് ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

.

**ANJU W.C**

**DEPUTY TOWN PLANNER**

ഉള്ളടക്കം : പ്ലാൻ (ഒരു സെറ്റ്), അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത്

സെക്രട്ടറി

തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)

1. The Principal

   Loyola College of Social Sciences

   Sreekaryam,Thiruvananthapuram-695817

2.കരുതൽ ഫയൽ